# STD - II

## അദ്ധ്യാപക സഹായി

## പാഠം – ആറ് ബാലനായ ഈശോ ഭാഗം – ഒന്ന്

### ലക്ഷ്യം

ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ ഈശോ വളർന്നുവന്നു. നമുക്കും ദൈവത്തിനും മാതാപിതാക്കൾക്കും മറ്റുള്ളവർക്കും ഇഷ്ടപ്പെട്ടവരായി ജീവിക്കാം.

### പഠനസഹായികൾ

* വചനം – ലൂക്കാ. 2:52 – ബാലനായ യേശു
* മാതാപിതാക്കളെ സഹായിക്കുന്ന ചിത്രങ്ങൾ.
* യൂട്യൂബ് വീഡിയോകൾ – കുട്ടികൾ മാതാപിതാക്കളെ സഹായിക്കുന്നതിന്റെ

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോ മാതാപിതാക്കൾക്ക് വിധേയനായി ജീവിച്ചു.
* മാതാവിനെ വീട്ടുജോലികളിൽ സഹായിച്ചും, പിതാവിനോടൊപ്പം മരപ്പണിചെയ്തും
* വേദപാഠം പഠിച്ചും അയൽക്കാരെ സ്നേഹിച്ചും എല്ലാവർക്കും സ്നേഹത്തോടെ നന്മമാത്രം ചെയ്തു.
* മാതാപിതാക്കളോടൊപ്പം നിത്യവും പ്രാർത്ഥിച്ചു.

### പ്രാർത്ഥന

പിതാവായ ദൈവമേ, മാതാപിതാക്കളെ സ്നേഹിച്ചും, അനുസരിച്ചും, നിത്യവും പ്രാർത്ഥിച്ചും ജീവിക്കുവാൻ കൃപയേകണമേ. ആമ്മേൻ.

### ചോദ്യങ്ങൾ

1. ഈശോ മാതാവിനെ എങ്ങനെയാണ് സഹായിച്ചത്?
2. ഈശോ വളർത്തുപിതാവിനെ എങ്ങനെയാണ് സഹായിച്ചത്?
3. ബാലനായ ഈശോ മാതാപിതാക്കളോടൊപ്പം എന്താണ് നിത്യവും അനുഷ്ഠിച്ചുവന്നത്?
4. ബാലനായ ഈശോ എല്ലാവരോടും എങ്ങനെയാണ് പെരുമാറിയിരുന്നത്?
5. ഏത് പട്ടണത്തിലാണ് ഈശോ വളർന്നത്?

# STD - II

## അദ്ധ്യാപക സഹായി

## പാഠം - ആറ്  ബാലനായ ഈശോ  ഭാഗം - രണ്ട്

### ലക്ഷ്യം

ദൈവപിതാവിന്റെ കാര്യങ്ങളിൽ ഈശോ എപ്പോഴും വ്യാപൃതനായിരുന്നുകൊണ്ട് മാതാപിതാക്കൾക്കു വിധേയനായി ജീവിച്ചു. നമുക്കും ദേവാലയത്തോടും ദൈവിക കാര്യങ്ങളോടും ചേർന്നുനിന്നുകൊണ്ട് മാതാപിതാക്കൾക്കും മറ്റുള്ളവർക്കും ഇഷ്ടപ്പെട്ടവരായി ജീവിക്കാം.

### പഠനസഹായികൾ

* വചനം - ലൂക്കാ. 2:41-52;
* ബാലനായ ഈശോ ദേവാലയത്തിൽ നിയമപണ്ഡിതരുടെ കൂടെയുള്ള ചിത്രം
* ഒന്നാം ക്ലാസ്സിൽ പഠിച്ച പിതാവായ ദൈവത്തെക്കുറിച്ചുള്ള വിവരണം

### പാഠത്തിന്റെ ഉള്ളടക്കം

* ഈശോ പന്ത്രണ്ടുവയസ്സുള്ളപ്പോൾ മാതാപിതാക്കളോടൊപ്പം പെസഹാ തിരുനാളിനായി ജെറുസലേമിലേക്ക് പോയി.
* മടക്കയാത്രയിൽ മൂന്നുദിവസം പിന്നിട്ടപ്പോൾ ഈശോയെ കാണാതെ മാതാപിതാക്കൾ വിഷമിച്ചു.
* ദേവാലയത്തിൽ നിയമപണ്ഡിതന്മാരുടെ നടുവിൽ ശ്രദ്ധയോടെ ഇരിക്കുന്ന, അവരോടു ചോദ്യങ്ങൾ ചോദിക്കുന്ന ഈശോയെ കണ്ടുമുട്ടി.
* ഈശോയുടെ ബുദ്ധിശക്തിയും ജ്ഞാനവും ഏവരേയും അത്ഭുതപ്പെടുത്തി.
* വിഷമിച്ച് അന്വേഷിച്ചെത്തിയ അമ്മയോട് "ഞാൻ എന്റെ പിതാവിന്റെ കാര്യത്തിൽ വ്യാപൃതനാകേണ്ടതാണ്" എന്നു വ്യക്തമാക്കിക്കൊടുത്തു.
* പിന്നീട് മാതാപിതാക്കൾക്ക് വിധേയനായി ഈശോ ജീവിച്ചു.

### പ്രാർത്ഥന

പിതാവായ ദൈവമേ, ദൈവിക കാര്യങ്ങളിൽ വ്യാപൃതരായി ജീവിക്കുവാനും എല്ലാവർക്കും പ്രിയപ്പെട്ടവരാകാനും ഞങ്ങൾക്ക് കൃപയേകണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. ഈശോ എന്തു കാര്യത്തിലാണ് എപ്പോഴും വ്യാപൃതനായിരുന്നത്?
2. ഈശോ ആർക്കൊക്കെ പ്രിയപ്പെട്ടവനായിരുന്നു?
3. ഈശോയെപോലെ ആകാൻ നമ്മളും എങ്ങനെയാണ് ജീവിക്കേണ്ടത്?
4. ഈശോയ്ക്ക് നസ്രായൻ എന്ന പേര് വന്നത് എങ്ങനെ?
5. ഈശോയെ കാണാതെ പോയത് എത്രാമത്തെ വയസ്സിലാണ്? എവിടെവച്ചാണ് ഈശോയെ കാണാതായത്?